# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 899

25/01/2018ൽ മറുപടിയ്ക്ക്

## സാമൂഹ്യ വനവൽക്കരപദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.കെ.സി.മമ്മത് കോയ | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി |

| | |
| --- | --- |
| എ സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി നട്ടുപിടിപ്പിച്ച അക്കേഷ്യ, യൂക്കാലി തുടങ്ങിയ മരങ്ങൾ പൊതുസ്ഥലം, വനഭൂമി എന്നിടങ്ങളിൽ നിന്നും മുറിച്ചു മാറ്റി പകരം നാട്ടുവൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടു ണ്ടോ ; | എ പൊതുസ്ഥലം, വനഭൂമി എന്നിവിടങ്ങളിലെ അക്കേഷ്യ, യൂക്കാലി മരങ്ങൾ ഘട്ടം ഘട്ടമായി മുറിച്ചുമാറ്റി പകരം നാട്ടുവൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി ഉണ്ടെങ്കിൽ എവിടെയൊക്കെയാണെന്നും ഏതെല്ലാം ഇനം മരങ്ങളാണ് വെച്ചു പിടിപ്പിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ? | ബി വയനാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ പരിധിയിൽ മാനന്തവാടി ഗവ. കോളേജ് കോമ്പൗണ്ട്, ഗവ.ഹയർ സെക്കന്ററി സ്കൂൾ കോമ്പൗണ്ട് കൽപ്പറ്റ - മാനന്തവാടി, കൽപ്പറ്റ - ബത്തേരി, ബത്തേരി - പാട്ടവയൽ എന്നീ റോഡുകളുടെ വശങ്ങളിലുള്ള മരങ്ങളാണ് പ്രാരംഭമായി മുറിച്ചു മാറ്റാൻ ക ണ്ടെത്തിയിട്ടുള്ളത്. കാസർഗോഡ് ഡിവിഷനിൽ വിവിധ വകുപ്പുകളുടെ കീഴിലുള്ള ഉദ്ദേശം 43 ഏക്കർ സ്ഥല ത്ത് സാമൂഹ്യവനവൽക്കരണവിഭാഗം നട്ടു പിടിപ്പിച്ച 8 അക്കേഷ്യാ തോട്ടങ്ങളിലെ മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലപ്പുറം ഡിവിഷനു കീഴിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി കോമ്പൗണ്ടിൽ 30 ഹെക്ടർ സ്ഥലത്തെ അക്കേഷ്യാ തോട്ടം, കോഴിക്കോട് ഡിവിഷനിൽ ഐ.ഐ.എം കുന്ദമംഗലം, സി.ഡബ്ലിയു.ആർ.ഡി.എം കോംപ്ലക്സ്, വെസ്റ്റ്ഹിൽ ബാരക്സ് കോമ്പൗണ്ട്, സ്ട്രിപ്പ് പ്ലാന്റേഷൻ റെയിൽവെ സ്റ്റേഷൻ വടകര, |

കെ.വൈ.ഐ.പി കനാൽ സൈഡ്, മുചുകുന്ന് കോളേജ് എന്നിവിടങ്ങളിലുള്ള അക്കേഷ്യാ മരങ്ങൾ മുറിച്ചു മാറ്റുന്നതിനും, കണ്ണൂർ ഡിവിഷനിൽ തോട്ടട പോളി ടെക്നിക് കാമ്പസ്, പരിയാരം ആയുർവേദ കോളേജ് കാമ്പസ് എന്നിവിടങ്ങളിലുള്ള അക്കേഷ്യ മരങ്ങൾ മുറിച്ചു മാറ്റുന്നതിനും പ്രാരംഭ നടപടികൾ സ്വീകരിച്ച് വരുന്നു.

അക്കേഷ്യ തോട്ടങ്ങൾ മുറിച്ചുനീക്കിയശേഷം ഞാവൽ, മാവ്, പ്ലാവ്, അമ്പഴം, ആഞ്ഞിലി, പേര, അത്തി, പുളി, നെല്ലി തുടങ്ങിയ ഫലവൃക്ഷങ്ങളും, കണിക്കൊന്ന, മരുത്, മണി മരുത്, ചമത, മന്ദാരം, ചെമ്പകം തുടങ്ങിയ പുഷ്പിക്കുന്ന വൃക്ഷങ്ങളും, തടിയ്ക്കനുയോജ്യമായ തേക്ക്, ഈട്ടി, മഹാഗണി, പൂവരശ്, കമ്പകം, കരിമരുത്, വെള്ളകിൽ തുടങ്ങിയ വൃക്ഷങ്ങളും, ഔഷധ ഇനത്തിൽ പ്പെട്ട കാഞ്ഞിരം, കുമ്പിൾ, വേപ്പ്, കുടംപുളി, ചന്ദനം, ഉങ്ങ്, ആൽ, രക്തചന്ദനം, കൂവളം, താന്നി, അശോകം, പതിമുഖം തുടങ്ങിയ വൃക്ഷങ്ങളും കൂടാതെ മുള, ഈറ, ചൂരൽ എന്നീ തദ്ദേശീയ സസ്യങ്ങളും നട്ടുപിടിപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു

സെക്ഷൻ ഓഫീസർ